1945834(1)/2023/TAPAL VHSE

സ.ഉ.(കൈ) നം.170/2023/GEDN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ അദ്ധ്യാപകർ, നോൺ വൊക്കേഷണൽ അദ്ധ്യാപകർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം - മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച ഉത്തരവുകൾ - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.-

---

**പൊതുവിദ്യാഭ്യാസ (യു) വകുപ്പ്**

സ.ഉ.(കൈ) നം.170/2023/GEDN തീയതി,തിരുവനന്തപുരം, 06-11-2023

---

8
7/11/2023
E1, E7
E4, E6

പരാമർശം:-

1. 07/05/2015 ലെ സ.ഉ (കൈ) നം.102/2015/പൊ.വി.വ
2. 29.06.2021 ലെ സ.ഉ (കൈ) നം.152/2021/പൊ.വി.വ നമ്പർ ഉത്തരവ്
3. 24/12/2021-ലെ സ.ഉ (കൈ) നം. 288/2021/പൊ.വി.വ നമ്പർ ഉത്തരവ്--
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം) 17.04.2023 ലെ ഇ7/2058/2023 നമ്പർ കത്ത്

**ഉത്തരവ്**

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ അദ്ധ്യാപകർ, നോൺ വൊക്കേഷണൽ അദ്ധ്യാപകർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ പരാമർശം (2), (3) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. പരാമർശം (4) പ്രകാരം ടി ഉത്തരവുകളിൽ ചില ഭേദഗതികൾ വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു:

I . **ഖണ്ഡിക 1 (ii)** - കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് (പൗൾട്രി ഹസ്ബന്ററി)/ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് (ഡയറി ഹസ്ബന്ററി), ബാങ്കിംഗ് അസിസ്റ്റന്റ്/ജനറൽ ഇൻഷ്വറൻസ്, മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് ഓട്ടോമൊബൈൽസ്/മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് ടു വീലേഴ്സ് ആന്റ് ത്രീ വീലേഴ്സ് എന്നീ



Generated from eOffice by SAJEEV.V, E7 VHSE, E7 VHSE, VHSE on 30/01/2024 12:06 PM

കോഴ്സുകളിലെയും പൊതു സ്ഥലംമാറ്റം പൊതു കോഴ്സിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതാണ്.

II. **ഖണ്ഡിക 3(iii)** - GMVHSS നിലമ്പൂർ, മലപ്പുറം, GVHSS ദേലംപാടി, കാസർഗോഡ് എന്നീ സ്കൂളുകൾ കൂടി സ്ഥലം മാറ്റ പ്രക്രിയയിൽ ദുർഘട മേഖലയിൽപ്പെട്ട സ്കൂളുകളായി ഉൾപ്പെടുത്തുന്നു.

III. **ഖണ്ഡിക 3 (iii)** (d) - ഒഴിവാക്കുന്നു.

IV. **ഖണ്ഡിക 5(i)** - "മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ" എന്നത് ഒഴിവാക്കുന്നു.

V. **ഖണ്ഡിക 6(ii)** - ആശ്രിതരുടെ ചികിത്സ/അവശതയുടെ ആവശ്യത്തിലേക്ക് അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ, ആശ്രിതർ നിലവിൽ ജീവനക്കാരനോടൊപ്പം തുടർച്ചയായി താമസിച്ച് വരുന്നു എന്ന് ബോധ്യപ്പെടാൻ റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

VI. **ഖണ്ഡിക 6(iv), ഖണ്ഡിക 7(ii)** - ജില്ലാടിസ്ഥാനത്തിലെ ഒഴിവുകൾക്ക് ആനുപാതികമായി അനുകമ്പാർഹ സ്ഥലംമാറ്റം, മുൻഗണനാ സ്ഥലംമാറ്റം എന്നിവ നടത്തുമ്പോൾ അത് ഒരു തസ്തികയിലെ ഒരു ജില്ലയിലുള്ള ആകെ ഒഴിവുകളുടെ 50% -ൽ അധികരിക്കാൻ പാടില്ല.

VII. **ഖണ്ഡിക 6 (vi d)** - അനുകമ്പാർഹ സ്ഥലം മാറ്റ വ്യവസ്ഥയിൽ സ്ഥലം മാറ്റം ലഭിക്കുന്ന ജീവനക്കാർ പ്രസ്തുത സ്കൂളിൽ/ഓഫീസിൽ തുടർന്നും നിലനിന്നു പോകണമെങ്കിൽ ജില്ലാ തല മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ട് ഓരോ വർഷവും ഹാജരാക്കേണ്ടതും, ആയത് പരിശോധിച്ച് അർഹമാണെങ്കിൽ മാത്രം അവർക്ക് സ്ഥലം മാറ്റം അനുവദിക്കേണ്ടതുമാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നു.

3. പരാമർശം (3) ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

I. **ഖണ്ഡിക 2(i)** - നിലവിലെ 'സ്റ്റേഷൻ' എന്നത് അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന ജില്ലയാണ്"

VI. **ഖണ്ഡിക 7(ii)** -"പ്രത്യേക മുൻഗണനാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്ന ജീവനക്കാർക്ക് ഏത് ജില്ലയിലേക്കും ഓപ്ഷൻ നല്കാവുന്നതാണ്" എന്നത് ഒഴിവാക്കുന്നു.

4. മേൽ ഭേദഗതികളോടെ പരാമർശം (2), (3) പ്രകാരമുള്ള സർക്കാർ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡീഷണൽ സെക്രട്ടറി



Generated from eOffice by SAJEEV.V, E7 VHSE, E7 VHSE, VHSE on 30/01/2024 12:06 PM

സ.ഉ.(കൈ) നം.170/2023/GEDN

പൊതുവിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.(സർക്കാർ വെബ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതു വിദ്യാഭ്യാസ (എസ്) വകുപ്പ്. (തുടർ നടപടികൾക്കായി GEDN-U3/21/2021-G.EDN നംപർ ഫയൽ സഹിതം)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suresh Kumar B
Date: 08-11-2023 12:38:29
സെക്ഷൻ ഓഫീസർ

പകർപ്പ്:- പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.



Generated from eOffice by SAJEEV.V, E7 VHSE, E7 VHSE, VHSE on 30/01/2024 12:06 PM